**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5537** **03-11-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് അലൈഡ് ആൻ്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഇതര സംസ്ഥാനങ്ങളിലെ യു.ജി.സി. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയ കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യാനോ കേരളാ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നേടാനോ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ പരിപാലന രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനും മറ്റുമായി "നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത്കെയർ പ്രൊഫഷൻസ് (NCAHP) ആക്ട് 2021" എന്ന പേരിൽ 28.03.2021-ൽ കേന്ദ്രസർക്കാർ നിയമം പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത്കെയർ കൗൺസിൽ രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനതലത്തിൽ കൗൺസിൽ രൂപീകരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കേരള പാരമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സംസ്ഥാനങ്ങളിലെ പാരാമെഡിക്കൽ കൗൺസിൽ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ നിലവാരവും വിദ്യാർത്ഥികളുടെ യോഗ്യതയും പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും യോഗ്യരായവർക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആൻ്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ തുടങ്ങുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ